**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **21-06-2024 - ൽ മറുപടിയ്ക്ക്**

**രക്തദാനത്തിലുണ്ടായ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിക്ക് ശേഷം സർക്കാർ ആശുപത്രികളിൽ രക്തദാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരിക്ക് ശേഷം രക്തദാനത്തിൽ കുറവുണ്ടായിട്ടില്ല. രക്തബാങ്കുകളിൽ കോവിഡ് കാലത്ത് രക്തദാനം കുറച്ചു കുറഞ്ഞെങ്കിലും അതിനുശേഷമുള്ള വർഷങ്ങളിൽ രക്തദാനം പൂർവ്വ സ്ഥിതി പ്രാപിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ വിവിധ മെഡിക്കൽ കോളേജുകളിൽ ക്യാമ്പുകൾ നടത്തി രക്തദാനം നടത്തുന്നുണ്ട്. കൂടാതെ പുറത്തുവച്ചു നടത്തുന്ന ക്യാമ്പുകളിലൂടെയും രക്തശേഖരണം നടത്തി വരുന്നു.<br><br>ബോധവൽക്കരണ ക്ലാസ്സുകൾ സാമൂഹ്യമാധ്യമങ്ങൾ വഴിയും അല്ലാതെയും നൽകിയിരുന്നു. കൂടാതെ രക്തദാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുകയും, സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുകയും ചെയ്യു. രക്തദാതാ ദിനം, രക്തദാന ദിനം എന്നീ ദിനങ്ങളിൽ രക്തദാന സംഘടനകളെയും സന്നദ്ധ രക്ത ദാതാക്കളെയും ആദരിക്കുകയും, രക്തദാനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സന്ദേശം ഉൾക്കൊള്ളിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിൽ രക്തത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും, സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്ന തിന്റെയും ഭാഗമായി കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ മുഖേന സന്നദ്ധ രക്തദാന ക്യാമ്പുകൾ നടത്തിവരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 5454 സന്നദ്ധ രക്തദാന ക്യാമ്പുകൾ നടത്തുകയുണ്ടായി. കേരള പോലീസുമായി ചേർന്ന് പോൾ ബ്ലഡ് പദ്ധതിയിലൂടെ (നാഷണൽ സർവ്വീസ് സ്കീം ഹയർ സെക്കൻഡറി വിഭാഗം) 568 ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ-യുവജന |

| | | | |
|---|---|---|---|
| | | | **സംഘടനകൾ, കോർപ്പറേറ്റ് കമ്പനികൾ എന്നിവരുമായി ചേർന്ന് രക്തത്തിന്റെ ലഭ്യത, സന്നദ്ധ രക്തദാനം എന്നിവ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ ഈ കുറവ് മൂലം മെഡിക്കൽ കോളേജുകളിൽ ചികിൽസയ്ക്ക് എത്തുന്ന രോഗികളിൽ ഉണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | **കോവിഡ് മഹാമാരിക്ക് ശേഷം രക്തദാനത്തിൽ കുറവുണ്ടായിട്ടില്ല. രക്തബാങ്കുകളിൽ കോവിഡ് കാലത്ത് രക്തദാനം കുറച്ച് കുറഞ്ഞെങ്കിലും അതിനുശേഷമുള്ള വർഷങ്ങളിൽ രക്തദാനം പൂർവ്വ സ്ഥിതി പ്രാപിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ വിവിധ മെഡിക്കൽ കോളേജുകളിൽ ക്യാമ്പുകൾ നടത്തി രക്തദാനം നടത്തുന്നുണ്ട്. കൂടാതെ പുറത്തുവച്ച് നടത്തുന്ന ക്യാമ്പുകളിലൂടെയും രക്തശേഖരണം നടത്തി വരുന്നു.**<br><br>**ബോധവൽക്കരണ ക്ലാസ്സുകൾ സാമൂഹ്യമാധ്യമങ്ങൾ വഴിയും അല്ലാതെയും നൽകിയിരുന്നു. കൂടാതെ രക്തദാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുകയും, സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുകയും ചെയ്തു. രക്തദാതാ ദിനം, രക്തദാന ദിനം എന്നീ ദിനങ്ങളിൽ രക്തദാന സംഘടനകളെയും സന്നദ്ധ രക്ത ദാതാക്കളെയും ആദരിക്കുകയും, രക്തദാനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സന്ദേശം ഉൾക്കൊള്ളിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**കേരളത്തിൽ രക്തത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും, സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്ന തിന്റെയും ഭാഗമായി കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ മുഖേന സന്നദ്ധ രക്തദാന ക്യാമ്പുകൾ നടത്തിവരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 5454 സന്നദ്ധ രക്തദാന ക്യാമ്പുകൾ നടത്തുകയുണ്ടായി. കേരള പോലീസുമായി ചേർന്ന് പോൾ ബ്ലഡ് പദ്ധതിയിലൂടെ (നാഷണൽ സർവ്വീസ് സ്കീം ഹയർ സെക്കൻഡറി വിഭാഗം) 568 ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ-യുവജന സംഘടനകൾ, കോർപ്പറേറ്റ് കമ്പനികൾ എന്നിവരുമായി ചേർന്ന് രക്തത്തിന്റെ ലഭ്യത, സന്നദ്ധ രക്തദാനം എന്നിവ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ